'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായ ശ്രീ. നിക്കോൾസൺ. എം -ന്റെ പേരിലുള്ള KSID/LI/10101120658 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ൽ ഇളവ് നൽകി - പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3350/2025/ധന** **തിരുവനന്തപുരം, തീയതി, 03/04/2025**

പരാമർശം :- 1. ശ്രീ. നിക്കോൾസൺ. എം സമർപ്പിച്ച 23/10/2024 തീയതിയിലെ അപേക്ഷ
2. ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ10/03/2025 തീയതിയിലെ കെ.എസ്.ഐ.ഡി/ 1742/2024 എച്ച്. ക്യൂ ജി.എസ് 2 നമ്പർ കത്ത്.
3. 16/11/1988 -ലെ സ.ഉ(പി) നം.840/88/ധന ഉത്തരവ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായ ശ്രീ. നിക്കോൾസൺ. എം, ടിയാന്റെ പേരിലുള്ള KSID/LI/10101120658 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ. നിക്കോൾസൺ. എം 27/03/2012 -ൽ അംഗത്വം എടുത്ത 10101120658 നമ്പർ എസ്. എൽ. ഐ പോളിസിയിൽ 09/2015 വരെ മുടക്കമില്ലാതെ പ്രീമിയം കിഴിക്കൽ നടത്തിയെങ്കിലും സർവ്വീസിൽ റിവെർഷൻ വന്നതിനെ തുടർന്ന് 10/2015 ലെ ശമ്പളം 23/12/2016 ലും 11/2015 മുതൽ 09/2016 വരെയുള്ള 11 മാസത്തെ ശമ്പളം ഒന്നിച്ച് 16/01/2017 ൽ മാറിയതിൽ നിന്നുമാണ് പ്രീമിയം കിഴിക്കൽ നടത്തിയിരിക്കുന്നത് എന്നും '6' മാസത്തിൽ കൂടുതൽ പ്രീമിയം മുടങ്ങിയതിനാൽ പരാമർശം (3) -ലെ എസ്.എൽ.ഐ ചട്ടം 20.3 പ്രകാരം കാലഹരണപ്പെട്ട പോളിസി പുനരുജ്ജീവിപ്പിക്കുന്നതിന് പോളിസിയുടെ കാലാവധിത്തീരുന്നതിന് മുൻപ് പല അവസരങ്ങൾ ഉണ്ടായിരുന്നിട്ടും ഇതിനുള്ള തുടർനടപടികൾ ഒന്നും സ്വീകരിക്കാതിരുന്നതുമൂലമാണ് ക്ലെയിം തുകയിൽ കുറവ് വന്നതെന്നും ഇൻഷ്വറൻസ് ചട്ട പ്രകാരംതന്നെയാണ് തിരുവനന്തപുരം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. നിക്കോൾസൺ. എം -ന് ടിയാന്റെ സീനിയർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതു മൂലമുണ്ടായ ഒഴിവിൽ താത്ക്കാലികമായി എച്ച്.എസ്.എസ്.ടി -യായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നുവെങ്കിലും ശൂന്യവേതനാവധി റദ്ദ് ചെയ്ത് 20/10/2015 ൽ ടിയാന്റെ സീനിയർ ജോലിയിൽ പുനഃപ്രവേശിച്ചതു കാരണം HSST(Jr) തസ്തികയിലെ ശമ്പളം നിശ്ചയിച്ച് തിരുവനന്തപുരം RDD ഓഫീസിൽ നിന്നും ഉത്തരവിറങ്ങാൻ കാലതാമസം ഉണ്ടായതിനെ തുടർന്ന് ശമ്പളം മുടങ്ങിയതിനാൽ ആണ് എസ്.എൽ.ഐ പ്രീമിയം കിഴിക്കൽ മുടങ്ങിയിട്ടുള്ളത്. കുടിശ്ശിക ശമ്പളം ലഭിച്ചപ്പോൾ 10/2015 -ലെയും 11/2015 മുതൽ 09/2016 വരെയുമുള്ള കുടിശ്ശിക പ്രീമിയം യഥാക്രമം 23/12/2016, 16/01/2017 തീയതികളിൽ ഒടുക്കു വരുത്തിയിരുന്നു. പിഴപ്പലിശ ഒടുക്കിയിട്ടില്ലാത്തതിനാലാണ് പോളിസി കാലഹരണപ്പെട്ടത്. മുടക്കം വന്ന

കാലയളവിലെ പ്രീമിയം ഒടുക്കു വരുത്തിയിരുന്നു എന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ൽ ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്തതിനു ശേഷം പോളിസിയുടെ (KSID/LI/1010120658) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, തിരുവനന്തപുരം (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
ശ്രീ. നിക്കോൾസൺ. എം, എച്ച്.എസ്.എസ്.ടി Jr (HG) , സെന്റ് ജോസഫ്‌സ് ഹയർ സെക്കണ്ടറി സ്കൂൾ, തിരുവനന്തപുര
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 2951437/എസ്റ്റാ-ഡി2/137/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ